# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2335

## 12.06.2018 - ലെ മറുപടിയ്ക്ക്

## പബ്ളിക് അക്കൗണ്ടിൽ നിന്ന് തിരിച്ചെടുത്ത തുക

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. അനിൽ അക്കര | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ പബ്ലിക്ക് അക്കൗണ്ടുകളിൽ പാർക്ക് ചെയ്തിരിയ്ക്കുന്ന തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് 14.12.2017-ലെ സ.ഉ(അച്ചടി) നം.156/17/ധന പ്രകാരം തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ തിരിച്ചെടുത്തു; വിശദാംശങ്ങൾ നൽകാമോ; | വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പബ്ലിക്ക് അക്കൗണ്ടുകളിൽ നിന്ന് 14.12.2017-ലെ സ.ഉ(അച്ചടി) നം.156/17/ധന ഉത്തരവ് പ്രകാരം ഉത്തരവായ 5630 കോടി രൂപയിൽ 3028,19,67,335/- രൂപ സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം തിരിച്ചെടുത്ത തുകയിൽ എത്ര കോടി രൂപ 2018 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥന വഴി വിവിധ വകുപ്പുകൾക്ക് തിരിച്ച് നൽകി; | വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സ്പെഷ്യൽ റ്റിഎസ്ബി അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുക മടക്കി നല്കുന്നതിനായി 2018-ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 200 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 2018 മാർച്ചിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം 133.1272 കോടി രൂപ ചെലവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | 2017 ഡിസംബർ 14-ലെ ഉത്തരവിന് ശേഷം 31.03.2018 വരെ എത്ര കോടി രൂപ വിവിധ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചെടുത്തു; വിശദാംശം നൽകാമോ; | 14.12.2017-ലെ സ.ഉ(അച്ചടി) നം.156/17/ധന ഉത്തരവിനു ശേഷം 28.03.2018 ലെ സ.ഉ (അച്ചടി) നം.51/18/ധന ഉത്തരവ് പ്രകാരം 4989,56,44,655/- രൂപയും 31.03.2018 ലെ സ.ഉ(അച്ചടി) നം.55/18/ധന ഉത്തരവ് പ്രകാരം 1958,51,23,636/- രൂപയും സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം തിരിച്ചെടുത്ത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; 2018-19 സാമ്പത്തിക വർഷം ഇതുവരെ എത്ര കോടി രൂപ തിരികെ നൽകി; | വിവിധ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചെടുത്ത തുകകൾ മടക്കി നൽകുന്നതിന് ധനകാര്യ (സ്ട്രീം ലൈനിംഗ്) സെക്ഷനിൽ നിന്നും 20.02.2018-ലെ സ.ഉ(അച്ചടി)നം.24/18/ധന, 26.02.2018-ലെ സ.ഉ(അച്ചടി)നം.27/18/ധന, 03.04.2018-ലെ സ.ഉ(അച്ചടി)നം.57/18/ധന, 03.04.2018-ലെ സർക്കുലർ നം.25/2018/ധന, 07.05.2018-ലെ സർക്കുലർ |

| | | |
|---|---|---|
| | | നം.41/2018/ധന എന്നീ ഉത്തരവുകളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പിൻ വലിച്ച തുകകൾ 03.04.2018 തീയതിയിലെ സ.ഉ(സാധാ)നം.3151/18/ധന, 03.05.2018 തീയതിയിലെ സ.ഉ(സാധാ)നം.4606/18/ധന എന്നീ ഉത്തരവുകൾ പ്രകാരവും തിരികെ നൽകാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>ലഭ്യമായ വിവരങ്ങളനുസരിച്ച് വിവിധ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം 2018-19 ൽ ഇതുവരെ ഏകദേശം 4786 കോടി രൂപ തിരികെ നല്കുന്നതിന് ധനവകുപ്പ് അനുമതി നല്കിയിട്ടുണ്ട്. |
| (ഇ) | തിരിച്ചെടുത്ത തുക ലഭിക്കാത്തത് മൂലം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്? | ഒരു തരത്തിലുള്ള സ്തംഭനാവസ്ഥയും ഉണ്ടായിട്ടില്ല. |

**അക്കൗണ്ട്സ് ഓഫീസർ**